# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1566 06/03/2017-ൽ മറുപടിയ്ക്ക്

## പൊതു ശ്മശാനം ഇല്ലാത്ത സ്ഥലങ്ങൾ

| ചോദ്യം<br>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | മറുപടി<br>ശ്രീ.കെ.റ്റി. ജലീൽ<br>(ബഹു. തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് പൊതു ശ്മശാനം ഇല്ലാത്ത എത്ര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഉണ്ട്; വിശദമാക്കുമോ; | (എ) | 535 ഗ്രാമപഞ്ചായത്തുകളിലും 41 നഗരസഭകളിലും പൊതുശ്മശാനം നിലവിലില്ല. |
| (ബി) | പൊതു ശ്മശാനം ഇല്ലാത്ത സ്ഥലങ്ങളിൽ ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ട് പരിശോധിക്കുമോ; | (ബി) | സ്ഥലലഭ്യതയുടെ കുറവ് മൂലം ശവസംസ്കാരത്തിന് അനുഭവപ്പെടുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എല്ലാ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും പൊതുശ്മശാനം അനുവദിക്കുക എന്ന ലക്ഷ്യത്തോടെ സർക്കാർ ധനസഹായം അനുവദിച്ചുവരുന്നു. |
| (സി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിയിൽ പൊതു ശ്മശാനം എന്ന വിഭാഗം പ്രത്യേകമായി ഉൾപ്പെടുത്താനുള്ള നടപടി സ്വീകരിക്കുമോ; | (സി) | ഇപ്പോൾ പരിഗണനയിലില്ല. |
| (ഡി) | അവശത അനുഭവിക്കുന്ന ജനവിഭാഗങ്ങളുടെ വീടുകളിൽ മരണം സംഭവിക്കുമ്പോൾ അവർ അനുഭവിക്കുന്ന പ്രധാന പ്രശ്നമായ | (ഡി) | എല്ലാ ഗ്രാമപഞ്ചായത്തു കളിലും നഗരസഭകളിലും പൊതുശ്മശാനം അനുവദിക്കുക എന്ന ലക്ഷ്യത്തോടെ സർക്കാർ ധനസഹായം അനുവദിച്ചുവരുന്നുണ്ട്. എന്നാൽ സ്ഥലലഭ്യത, പരിസര വാസികളുടെ എതിർപ്പ് എന്നിവ പദ്ധതി നടപ്പാക്കുന്നതിന് പ്രധാന തടസ്സങ്ങളാണ്. സ്ഥലം ലഭ്യമായ |

| | |
|---|---|
| ഈ കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | പഞ്ചായത്തുകളിലും, സ്ഥലം ലഭ്യമല്ലാത്ത പഞ്ചായത്തുകളിൽ ബ്ലോക്ക് അടിസ്ഥാനത്തിലും പൊതുശ്മശാനം നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ